LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടി

72 (3581) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽ ലഭിച്ച ആകെ അപേക്ഷകളിന്മേൽ ചികിത്സാ ധനസഹായത്തിനായി എത്ര തുക ചിലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ബി) അതിൽ പല അപേക്ഷകളുടെയും നിലവിലെ സ്ഥിതി പരിശോധിക്കുമ്പോൾ അണ്ടർ പ്രോസസിംഗ് എന്ന് കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുമോയെന്നു വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ചികിത്സാധന സഹായത്തിനായി നാളിതുവരെ 8,51,15,700 രൂപ (എട്ടുകോടി അൻപത്തിയൊന്നു ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) അപേക്ഷയുടെ ബാഹുല്യം കാരണം നടപടികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന അപേക്ഷകളിലാണ് അണ്ടർ പ്രോസസിംഗ് എന്ന് കാണിക്കുന്നത്. ആയത് എത്രയും വേഗം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ദുരന്ത നിവാരണ ഫണ്ട് ഉപയോഗിച്ച് വിമാനം വാങ്ങിയത്

73 (3582) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ ഫണ്ട് വിനിയോഗിച്ച സർക്കാർ ഒരു വിമാനം വിലയ്ക്ക് വാങ്ങിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്നും എന്ത് വിലയ്ക്കാണെന്നും എവിടെ നിന്നാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിമാനം സംസ്ഥാനത്ത് ഏത് ദിവസമാണ് എത്തിയത്; വിമാനത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയെടുത്തിട്ടുണ്ടോ; നാളിതുവരെ എന്തെല്ലാം ആവശ്യങ്ങൾക്ക് വിമാനം ഉപയോഗിക്കുകയുണ്ടായി; വിമാനം ഇപ്പോൾ സൂക്ഷിക്കുന്നത് എവിടെ ;

(സി) മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും അടിയന്തിരാവശ്യങ്ങൾക്കായി ഈ വിമാനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?